DESPATCHED
On...05/03/2020

1.01.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 843*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6980**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സുനിൽ ജോസഫ്,
ഇൻസ്പെക്ടർ, കെ.എസ്.ആർ.ടി.സി.,
മലപ്പുറം. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
(കേന്ദ്രസ്ഥാനം)& അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ്
ഡയറക്ടറുടെ കാര്യാലയം, ഇൻഫർമേഷൻ വിഭാഗം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&മാനേജർ
(കസ്റ്റമർ റിലേഷൻസ്), ട്രാൻസ്പോർട്ട് ഭവൻ,
ഫോർട്ട്, തിരുവനന്തപുരം – 695 004.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.04.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.04.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുനിൽ ജോസഫ്, 26.04.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.843(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ നിഷേധിച്ചുകൊണ്ട് മറുപടി ലഭിച്ചുവെന്നും തുടർന്ന് അപ്പീൽ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടതാണെന്നും ആകയാൽ പകർപ്പുകൾ നിഷേധിച്ചത് നിയമവിരുദ്ധമായാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

3. ഹർജിക്കാരൻ 04.02.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 05.03.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ **SSQ13** പെരുമ്പാവൂർ സ്ക്വാഡ് യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും റിപ്പോർട്ടും അനുബന്ധരേഖകളും 26.02.2019ലെ **VO No.11/19** നമ്പർ പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)ന് നൽകിയിട്ടുള്ളതുണ്ടെന്നും പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിച്ചു വരുന്നതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം നൽകാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി അറിയിച്ച് 10.03.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 12.04.2019ന് നൽകിയ മറുപടിയിൽ രേഖകൾ പരിശോധിച്ചതിൽ നിന്നും സമയബന്ധിതമായി എസ്.പി.ഐ.ഒ. ആയ വിജിലൻസ് ഓഫീസർ (അന്വേഷണം) കൈമാറിയിരുന്ന വിവരം എസ്.പി.ഐ.ഒ.(കേന്ദ്രസ്ഥാനം)ഹർജിക്കാരനു അയച്ചുകൊടുത്തുവെന്നുമാണ്. കൂടാതെ വിജിലൻസ് ഓഫീസർ (അന്വേഷണം) നൽകിയിരുന്ന വിശദീകരണത്തിൽ ടിയാന്റെ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് പെരുമ്പാവൂർ സ്ക്വാഡ്

യൂണിറ്റ് അന്വേഷണം നടത്തിയിട്ടുള്ളതും ടി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രം തയ്യാറാക്കി വരുന്ന ഘട്ടത്തിലായതിനാൽ ഹർജിക്കാരൻ പ്രഥമ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമം വകുപ്പ് 8(1)(എച്ച്) പ്രകാരം നൽകുവാൻ കഴിയുകയില്ല എന്ന വിവരം എസ്.പി.ഐ.വിജിലൻസ് വിഭാഗം അറിയിച്ചുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 17.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ടിനെ സംബന്ധിച്ചാണ് വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നതെന്നും ആയത് 8(1)(എച്ച്) പ്രകാരം നൽകാൻ ക ഴിയില്ല എന്നാണ് മറുപടി നൽകിയതെന്നും വിവരങ്ങൾ എല്ലാം പിന്നീട് നൽകിയെന്നും ഇപ്പോൾ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 01–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *